# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2118 04/11/2019-ൽ മറുപടിയ്ക്ക്

## കാസർകോട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കാസർകോട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ) | കാസർകോട് സർക്കാർ മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ട നിർമ്മാണത്തിലുണ്ടായിരുന്ന ഇന്റേണൽ റോഡുകളുടെയും കുഴൽ കിണറുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അക്കാദമിക്ക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം 90%-വും, രണ്ടാം ഘട്ടത്തിലുള്ള ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 25%-വും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളുടെ പ്രവേശനം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ആരംഭിച്ച് എപ്പോൾ ഉത്ഘാടനം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | മെഡിക്കൽകോളേജിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഈ മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക എത്രയാണെന്നും ഇതിനകം എത്ര രൂപ ഏതെല്ലാം കാര്യങ്ങൾക്ക് വേണ്ടി ചെലവഴിച്ചെന്നും ആ തുക ലഭ്യമായത് എവിടെനിന്നാണെന്നും ഇനി എത്ര രൂപ ഏതെല്ലാം നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമുണ്ടെന്നും അത് എവിടെനിന്ന് ലഭ്യമാകുമെന്നും വ്യക്തമാക്കാമോ? | (സി) | കാസർകോട് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി ഏകദേശം 385 കോടി രൂപയുടെ അടങ്കൽ തുകയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്. കാസർകോട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കാസർകോട് വികസന പാക്കേജിൽ ഉൾപ്പെടുത്തി 30 കോടിരൂപ അനുവദിച്ചിരുന്നു. ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണത്തിന് 58.18 കോടി രൂപ നബാർഡ് ധനസഹായം ഉൾപ്പെടെ 95.08 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി 8 കോടി രൂപയുടെയും ഫാക്കൽറ്റികളുടെ ക്വാർട്ടേഴ്സിന്റെയും, ലേഡീസ് ഹോസ്റ്റലിന്റെയും നിർമ്മാണത്തിനായി 29.01 കോടി രൂപയുടേയും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. കാസർഗോഡ് വികസനപാക്കേജിൽ ഉൾപ്പെടുത്തി ആയത് നടപ്പാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.<br>കാസർകോഡ് മെഡിക്കൽ കോളേജിന്റെ ഇന്റേണൽ റോഡുകളുടെ നിർമ്മാണത്തിനായി 1.10 കോടി രൂപ പദ്ധതി വിഹിതമായും അക്കാദമിക് ബ്ലോക്കിന്റെ സിവിൽ, ഇലക്ട്രിക്കൽ പ്രവർത്തികൾക്കായി 19.73 കോടി രൂപ കാസർകോഡ് വികസന പാക്കേജിൽ നിന്നും, ആശുപത്രിസമുച്ചയത്തിന്റെ നിർമ്മാണത്തിനായി 10.73 കോടി രൂപ നബാർഡ് ധനസഹായമായും |

| | | | |
|---|---|---|---|
| | | | നാളിതുവരെ നിർമ്മാണ ഏജൻസിക്കും, കരാറുകാരനുമായി നൽകിയിട്ടുണ്ട്.<br>കാസർകോട് മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സമുച്ചയം, ജീവനക്കാരുടെ ക്വാർട്ടേഴ്സ്, ജല വിതരണ സംവിധാനം, ചുറ്റമതിൽ എന്നിവയുടെ പ്രവർത്തി പദ്ധതി വിഹിതം/കാസർകോഡ് വികസന പാക്കേജ് എന്നിവയിലുൾപ്പെടുത്തി നടപ്പാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ